## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3569 | 20.06.2018 ൽ മറുപടിക്ക്

# ആല, ചെന്നിത്തല കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയപ്പോൾ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിച്ച് എല്ലാ പി.എച്ച്.സി.കളിലും നിശ്ചിത മാനദണ്ഡങ്ങളോട് കൂടിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, അധിക ഒ.പി.കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് കൗണ്ടർ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം, സൈനേജുകൾ, ഡിസ്പ്ലേബോർഡുകൾ, ആരോഗ്യബോധവത്കരണ സംവിധാനങ്ങൾ, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന മുറികൾ എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സ് പ്രീ ചെക്കും കൗൺസിലിങ്ങും വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തുന്നു. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ് ക്ലിനിക്ക്' മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' എന്നീ സൗകര്യങ്ങളും ഉറപ്പ വരുത്തുന്നു. ഫീൽഡ് പ്രദേശങ്ങളിലേക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച്പ്രോഗ്രാമുകളും കൂട്ടുതലായി നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ആല, ചെന്നിത്തല കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | ചെന്നിത്തല കുടുംബാരോഗ്യ കേന്ദ്രത്തിലും, ആല കുടുംബാരോഗ്യ കേന്ദ്രത്തിലും പുതുതായി നിർമ്മിച്ച വെയിറ്റിംഗ് ഏരിയ, കുടിവെള്ള സൗകര്യം, എയർപോർട്ട് ചെയറുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ടി.വി., സൈൻ ബോർഡുകൾ, പുതിയ ഒ.പി.രജിസ്ട്രേഷൻ കൗണ്ടർ, ലാബ് ഫെസിലിറ്റി, പ്രീ-ചെക്ക് അപ്പ് റൂം, രണ്ട് ഒ.പി.കൺസൽട്ടേഷൻ റൂം, ഡ്രസിംഗ് റൂം, ഫാർമസി വെയിറ്റിംഗ് ഏരിയ, ഇമ്മ്യൂണൈസേഷൻ റൂം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. ഇതു കൂടാതെ ആല പി.എച്ച്.സി.യിൽ ഒരു ഫാർമസിസ്റ്റ് തസ്തിക കൂടി സൃഷ്ടിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 13,36,000/- രൂപ വീതം ഓരോ സ്ഥാപനത്തിനും അനുവദിച്ചിട്ടുണ്ട്. ചെന്നിത്തല പി.എച്ച്.സി. 03.01.2018 മുതൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആല പി.എച്ച്.സി.യിലെ വർക്കുകൾ എല്ലാം പൂർത്തീകരിക്കുകയും ടി പി.എച്ച്.സി. ഉദ്ഘാടനത്തിന് സജ്ജമാവുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ